# മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള, ജനൽ, ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013



## കാമ്പസ് ഫ്രണ്ട് ജില്ലാ നേതാവ് ഉൾപ്പെടെ 83 ഓളം പേരെ കസ്റ്റഡിയിലെടുത്തു

തളിപ്പറമ്പ: എറണാകുളം മഹാരാജാസ് കോളേജ് വിദ്യാർത്ഥി എസ്.എഫ്.ഐ ജില്ലാ കമ്മിറ്റിയംഗം അഭിമന്യുവിന്റെ വധവുമായി ബന്ധപ്പെട്ട് പോപ്പുലർഫ്രണ്ട്, എസ്.ഡി.പി.ഐ, കാമ്പസ്ഫ്രണ്ട് പ്രവർത്തകരെ മുൻകരുതലായി കസ്റ്റഡിയിലെടുക്കുന്നത് തുടരുന്നു. തളിപ്പറമ്പ്, ഇരിട്ടി, തലശേരി പോലീസ് സബ്ഡിവിഷനുകളിൽ നിന്നായി ഇന്നലെ രാത്രിയും ഇന്ന് പുലർച്ചെയുമായി 83 ഓളം പേരെ കസ്റ്റഡിയിലെടുത്തു.

ഇന്നലെ വരെ 130 പേരെയാണ് മുൻകരുതലായി കസ്റ്റഡിയിലെടുത്തത്. അഭിമന്യു വധത്തെ തുടർന്നാണ് മുൻകരുതൽ കസ്റ്റഡി. ഇതുവരെയായി 90 ഓളം കേസുകളുമെടുത്തിട്ടുണ്ട്. പോപ്പുലർഫ്രണ്ട്, എസ്.ഡി.പി.ഐയുടെ 180 കേന്ദ്രങ്ങളിൽ പോലീസ് റെയ്ഡ് നടത്തി. റെയ്ഡ് ഇനിയും തുടരും. ഇന്നലെ പകൽ റെയ്ഡിനിടയിൽ മുഴക്കുന്നിൽ ആയുധം സഹിതം എസ്.ഡി.പി.ഐ പ്രവർത്തകൻ വിളക്കോട്ടെ മുഹമ്മദ്ഷെരിഫിനെ (26) അറസ്റ്റ് ചെയ്തിരുന്നു. ഇയാളുടെ വീട് റെയ്ഡ് ചെയ്താണ് സ്റ്റീൽ ദണ്ഡും മൂന്ന് നഞ്ചക്കും പിടികൂടിയത്. ക്രിമിനൽ നടപടി നിയമം 107 അനുസരിച്ച് 80 പേർക്കെതിരെ നല്ല നടപ്പിന് റിപ്പോർട്ട് തയ്യാറാക്കി കലക്ടർക്ക് കൈമാറിയിട്ടുണ്ട്.



പോപ്പുലർ ഫ്രണ്ട് കേന്ദ്രത്തിൽ നായയെ ഉപയോഗിച്ച് മയ്യിൽ പോലീസ് റെയ്ഡ് നടത്തുന്നു

പരിയാരം, പഴയങ്ങാടി എന്നിവിടങ്ങളിൽ നിന്ന് ഇന്നലെ രാത്രി മൂന്നുപേരെ വീതവും തളിപ്പറമ്പിൽ നിന്ന് ഒമ്പത് പേരെയുമാണ് കസ്റ്റഡിയിലെടുത്തത്. തളിപ്പറമ്പിൽ നിന്ന് കസ്റ്റഡിയിലെടുത്തവരിൽ കാമ്പസ്ഫ്രണ്ട് ജില്ലാ ജോയിന്റ് സെക്രട്ടറി കപ്പാലത്തെ എം.അബ്ദുൾവാഹിദ് (31), തളിപ്പറമ്പിലെ കെ.മുസ്തഫ (34), കുപ്പത്തെ എം.ഹസൻ (34), മുയ്യത്തെ കെ.പി.ഉമൈർ (25) എന്നിവർ ഉൾപ്പെടും.

തലശേരി സബ്ഡിവിഷനിൽ നിന്ന് 17 പേരെയും ഇരിട്ടി സബ്ഡിവിഷനിൽ നിന്ന് 18 പേരെയും കസ്റ്റഡിയിലെടുത്തിട്ടുണ്ട്. മൂന്ന് പോപ്പുലർഫ്രണ്ട് പ്രവർത്തകരെ മയ്യിൽ എസ്.ഐ പി. ബാബുമോൻ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. നാറാത്ത്, പാമ്പുരുത്തി തുടങ്ങിയ സ്ഥലങ്ങളിൽ മയ്യിൽ പോലീസ് റെയ്ഡ് നടത്തിയിരുന്നു. എസ്.ഡി.പി.ഐ നാറാത്ത് പഞ്ചായത്ത് സെക്രട്ടറി പി.പി.മുഹമ്മദ്റാഫി (53), നാറാത്ത് തണ്ടപ്പുറം ബ്രാഞ്ച് സെക്രട്ടറി പി.പി.ഷമീർ (38), പ്രവർത്തകൻ എം.ഡി.മുഹമ്മദ് അനീസ് (45) എന്നിവരെയാണ് കസ്റ്റഡിയിലെടുത്തത്.

## കനത്ത മഴ; വയനാട് ജില്ല ഭീതിയിൽ

മാനന്തവാടി: രണ്ട് ദിവസമായി പെയ്യുന്ന കനത്ത മഴ വയനാട് ജില്ലയിൽ ദുരന്ത ഭീതി ഉയർത്തി. പനമരം, മാനന്തവാടി തുടങ്ങിയ താഴ്ന്ന പ്രദേശങ്ങൾ പൂർണ്ണമായും വെള്ളത്തിലാണ്. പനമരം മണിയൻകോട് കെ.എസ്.ഇ.ബി സബ്സ്റ്റേഷനിൽ ഇന്ന് രാവിലെ വെള്ളം കയറി ജീവനക്കാർ ഏതാനും മണിക്കൂറുകളോളം അവിടെ കുടുങ്ങിപ്പോയി. വെള്ളം ഇറങ്ങിയ ശേഷമാണ് ജീവനക്കാർ പുറത്തേക്ക് കടന്നത്. പനമരം റോഡിൽ പലയിടങ്ങളിലും വെള്ളക്കെട്ടുണ്ട്. വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ മഴ പെയ്തത് വൈത്തിരിയിലാണ്. ഇവിടെ ഉരുൾപൊട്ടൽ, മലവെള്ളപാച്ചിൽ തുടങ്ങിയവയുണ്ടാകാനിടയുണ്ടെന്നും അതീവ ജാഗ്രത പുലർത്തണമെന്നും ജില്ലാ ഭരണകൂടം മുന്നറിയിപ്പ് നൽകി. വൈത്തിരിയിൽ അഞ്ച് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നിട്ടുണ്ട്. വയനാട് ജില്ലയിലെ പുഴകളിലെയും ഡാമുകളിലെയും ജലനിരപ്പ് ക്രമാതീതമായി ഉയർന്നിട്ടുണ്ട്.

എറണാകുളം, ഇടുക്കി ജില്ലകളിൽ രണ്ട് ദിവസമായി പെയ്യുന്ന കനത്ത മഴയ്ക്ക് അൽപ്പം ശമനമുണ്ടായിട്ടുണ്ട്. എങ്കിലും എറണാകുളം ജില്ലയിലെ ഒട്ടുമിക്ക പ്രദേശങ്ങളും വെള്ളത്തിനടിയിലാണ്. എറണാകുളം, ഇടുക്കി ജില്ലകളിലെ മലയോര മേഖലകളിലേക്കുള്ള രാത്രികാല യാത്ര പരമാവധി ഒഴിവാക്കണമെന്ന് അധികൃതർ നിർദേശിച്ചിട്ടുണ്ട്.

# നമ്പി നാരായണന് നഷ്ടപരിഹാരം നൽകണമെന്ന് സുപ്രീംകോടതി

ഡൽഹി: ഐ.എസ്.ആർ.ഒ ചാരക്കേസിൽ നമ്പി നാരായണന് നഷ്ടപരിഹാരം നൽകണമെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു. സംശയത്തിന്റെ പേരിലാണ് ഉന്നത പദവിയിലിരിക്കുന്ന ശാസ്ത്രജ്ഞനെ പോലീസ് അറസ്റ്റ് ചെയ്തത്. അത്തരമൊരു നടപടിയുണ്ടായ സാഹചര്യത്തിൽ അദേഹത്തിന് മതിയായ നഷ്ടപരിഹാരം നൽകേണ്ടതുണ്ടെന്ന് ചീഫ് ജസ്റ്റിസ് ദീപക്മിശ്ര അധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു. നഷ്ടപരിഹാരം എത്രയാണെന്നും ആരിൽ നിന്നാണ് ഈടാക്കേണ്ടതെന്നും പിന്നീട് തീരുമാനിക്കും. ഇക്കാര്യം പരിഗണിച്ച് വിധി പറയുവാൻ വേണ്ടി കേസ് മാറ്റിവെച്ചു.

ഐ.എസ്.ആർ.ഒയുടെ തിരുവനന്തപുരം മേഖല ആസ്ഥാനത്തെ ശാസ്ത്രജ്ഞരായ ഡോ. നമ്പി നാരായണനും ഡോ. ശശികുമാറും ചേർന്ന് മാലി സ്വദേശിനി മറിയം റഷീദ മുഖേന ഇന്ത്യയുടെ ബഹിരാകാശ രഹസ്യങ്ങൾ വിദേശ രാജ്യങ്ങൾക്ക് ചോർത്തി നൽകിയെന്നതായിരുന്നു ചാരക്കേസ്. ഈ കേസിൽ 1994 നവംബർ 30 നാണ് നമ്പി നാരായണനെ സിബി മാത്യൂസിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. പിന്നീട് സി.ബി.ഐ അന്വേഷണത്തിൽ ചാരക്കേസ് വ്യാജമാണെന്ന് കണ്ടെത്തിയിരുന്നു. സി.ബി.ഐ റിപ്പോർട്ട് അംഗീകരിച്ച ഹൈക്കോടതി നമ്പി നാരായണനുൾപ്പെടെയുള്ളവരെ കുറ്റവിമുക്തനാക്കി. കേസ് അന്വേഷിച്ച സിബി മാത്യൂസ് അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ കോടതി സർക്കാരിനോട് ശുപാർശയും ചെയ്തു. എന്നാൽ കേസിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് വീഴ്ചപറ്റിയെന്ന് സമ്മതിച്ച സർക്കാർ കേസ് അന്വേഷിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തില്ല. അതിനിടയിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന ആവശ്യം ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റദ്ദാക്കി. ഇതിനെ ചോദ്യം ചെയ്തു കൊണ്ട് ചാരക്കേസ് അന്വേഷിച്ച മുൻ ഡി.ജി.പി സിബി മാത്യൂസ്, മുൻ എസ്.പിമാരായ കെ.കെ.ജോഷ്വാ, എസ്.വിജയൻ എന്നിവർക്കെതിരെ നമ്പി നാരായണൻ സുപ്രീംകോടതിയെ സമീപിക്കുകയായിരുന്നു. ഈ കേസ് ഇന്ന് പരിഗണിക്കുമ്പോഴാണ് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം ചീഫ് ജസ്റ്റിസ് മുന്നോട്ടുവച്ചത്.

കേസ് അന്വേഷിച്ച ഉദ്യോഗസ്ഥർ തന്നെയല്ലേ നഷ്ടപരിഹാരം നൽകേണ്ടതെന്നും ചീഫ് ജസ്റ്റിസ് ചോദിച്ചു.

*(ശേഷം നാലാം പേജിൽ)*

## കെ.എസ്.ഇ.ബി ഓഫീസിന് നേരെ അക്രമം

തളിപ്പറമ്പ: നാടുകാണി തെറ്റുറോഡിൽ പ്രവർത്തിക്കുന്ന ചപ്പാരപ്പടവ് കെ.എസ്.ഇ.ബി ഓഫീസിന് നേരെ അക്രമം. എരുവാട്ടി സ്വദേശികളാണത്രെ അക്രമം നടത്തിയത്. ഫർണ്ണിച്ചറുകൾ തകർത്തിട്ടുണ്ട്. സ്ഥിരമായി വൈദ്യുതി മുടങ്ങുന്നതിൽ പ്രകോപിതരായാണത്രെ അക്രമം.

### ഉന്നതർക്കും സാധാരണക്കാർക്കും നിയമം രണ്ട്

## അമിത വേഗതയ്ക്ക് പിഴയടക്കാതെ മുഖ്യമന്ത്രിയും ഡി.ജി.പിയും രാഷ്ട്രീയ നേതാക്കളും

തിരുവനന്തപുരം: അമിതവേഗതയ്ക്ക് പിഴയടക്കാതെ മുഖ്യമന്ത്രിയും ഡി.ജി.പിയും ഉന്നത രാഷ്ട്രീയ നേതാക്കളും നിയമത്തെ വെല്ലുവിളിക്കുന്നു. അമിത വേഗതയ്ക്കും ട്രാഫിക് നിയമം ലംഘിച്ചതിനും പിഴ ചുമത്തപ്പെട്ട ഉന്നതരാണ് പിഴയടക്കാതെ നിയമത്തെ പരിഹസിക്കുന്നത്.

മുഖ്യമന്ത്രി പിണറായി വിജയന്റെ വാഹനം അമിത വേഗതയിൽ ഓടിച്ചതിന് ഒരു തവണ പിഴ ചുമത്തി നോട്ടീസയച്ചിരുന്നു. എന്നാൽ നോട്ടീസിനെ അവഗണിക്കുകയായിരുന്നു. സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ കാർ 38 തവണയാണ് നിയമം ലംഘിച്ചത്. 2015ൽ മൂന്ന് തവണയും 2016ൽ നാല് തവണയും 2017ൽ 23 തവണയും 2018 ഈ മാസം വരെ എട്ട് തവണയുമാണ് അദേഹത്തിന്റെ വാഹനം അമിതവേഗതയ്ക്ക് നിരീക്ഷണ ക്യാമറക്കണ്ണിൽ പതിഞ്ഞത്. 38 തവണ നോട്ടീസയച്ചെങ്കിലും പിഴയായി ഒരു രൂപ പോലും അടച്ചില്ല. ബി.ജെ.പി സംസ്ഥാന പ്രസിഡണ്ടിന്റെ കാർ 52 തവണയാണ് നിയമം ലംഘിച്ചത്. കുമ്മനം രാജശേഖരൻ സംസ്ഥാന അധ്യക്ഷനായിരിക്കെ 25 തവണയും 2015ൽ 26 തവണയും നിയമം ലംഘിച്ചിട്ടുണ്ട്. ബി.ജെ.പി സംസ്ഥാന പ്രസിഡണ്ടിന്റെ പേരിൽ രജിസ്റ്റർ ചെയ്തതാണ് കാർ. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് നാല് തവണയും കെ.പി.സി.സി അധ്യക്ഷൻ എം.എം.ഹസന് രണ്ട് തവണയും നോട്ടീസ് അയച്ചിരുന്നു. എന്നാൽ പിഴ മാത്രം അടച്ചില്ല. ആർ.എസ്.പി നേതാവും മുൻ മന്ത്രിയുമായ ഷിബു ബേബി ജോണിന്റെ ആഡംബര കാർ ട്രാഫിക് നിയമം ലംഘിച്ചതിന് പത്ത് തവണ നോട്ടീസ് നൽകി. എന്നാൽ നോട്ടീസ് അവഗണിക്കുകയായിരുന്നു. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയുടെ വാഹനം 52 തവണയാണ് നിയമം ലംഘിച്ചത്. എന്നാൽ നോട്ടീസിന് പുല്ലുവിലയാണ് സംസ്ഥാന പോലീസ് മേധാവി കൽപ്പിച്ചത്. ഗവർണ്ണർ മാത്രമാണ് ഇക്കാര്യത്തിൽ നിയമം അനുസരിച്ചത്. ഒരു തവണ ഗവർണ്ണർക്ക് നോട്ടീസ് ലഭിച്ചപ്പോൾ ഉടൻ പിഴ അടക്കുകയായിരുന്നു.

റോഡ് അപകടങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ ട്രാഫിക് നിയമലംഘനത്തിനെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദേശം നൽകാറുള്ളത് സർക്കാറും പോലീസ് മേധാവിയുമൊക്കെയാണ്. നിരന്തരമായി ട്രാഫിക് നിയമം പാലിക്കാൻ വിദ്യാർത്ഥികളെ ഉൾപ്പെടെ റോഡിലിറക്കി ബോധവൽക്കരണ പ്രവർത്തനം നടത്താറുണ്ട്. അതിന് നേതൃത്വം നൽകുന്നവർ തന്നെയാണ് പരസ്യമായി നിയമം ലംഘിക്കുന്നത്.

## കവർച്ചക്കായി ഒത്തുകൂടിയതെന്ന് സംശയം; പയ്യന്നൂർ സ്വദേശി ഉൾപ്പെടെ നാലുപേർ പിടിയിൽ

തളിപ്പറമ്പ: കവർച്ചക്കായി ഒത്തുകൂടിയെന്ന സംശയത്തിൽ നാലുപേരെ തളിപ്പറമ്പ് പോലീസ് പിടികൂടി. പയ്യന്നൂർ പെരുമ്പയിലെ എം. ഹൈദരലി (42), തളിപ്പറമ്പ് പുളിമ്പറമ്പ് സ്വദേശികളായ സി. നസറുദീൻ (24), രൈരുപ്പറമ്പ് ഹൗസിൽ ഗോകുൽ (25), തളിപ്പറമ്പ് കാക്കാത്തോട് സ്വദേശി സി.കെ. ഹാഷിം (24) എന്നിവരാണ് പിടിയിലായത്. ഇന്നലെ രാത്രി പോലീസ് നൈറ്റ് പട്രോളിംഗ് നടത്തുന്നതിനിടയിൽ സംശയകരമായ സാഹചര്യത്തിൽ കാണപ്പെട്ട നാലുപേരെയും പിടികൂടുകയായിരുന്നു. ഇതിൽ ഹൈദരലി നേരത്തെ മോഷണക്കേസിൽ പിടിയിലായി കഴിഞ്ഞ മാസം 24ന് ജയിലിൽ നിന്ന് പുറത്തുവന്നതാണ്. ഇവരെ വിശദമായി ചോദ്യം ചെയ്തുവരികയാണ്.

## എസ്.എഫ്.ഐക്ക് സ്വാധീനമുള്ളിടത്ത് പ്രവർത്തന സ്വാതന്ത്ര്യമില്ലെന്ന് സി.പി.ഐ നേതാവ്

എറണാകുളം: എസ്.എഫ്.ഐക്ക് സ്വാധീനമുള്ള കലാലയങ്ങളിൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കുന്നില്ലെന്ന് സി.പി.ഐ എറണാകുളം ജില്ലാ സെക്രട്ടറി പി. രാജു ആരോപിച്ചു. മറ്റുള്ളവരെ പ്രവർത്തിക്കാൻ വിടാത്ത നിലപാട് വർഗീയ ശക്തികൾക്ക് സഹായകരമാവുകയാണ്. മറ്റ് വിദ്യാർത്ഥി സംഘടനകളിൽ പ്രവർത്തിക്കാൻ വിടണം. എറണാകുളം മഹാരാജാസ് യൂണിവേഴ്സിറ്റി കോളേജ് തുടങ്ങിയ എല്ലാ കലാലയങ്ങളിലും പ്രവർത്തന സ്വാതന്ത്ര്യമുണ്ടാകണമെന്നും അദേഹം ആവശ്യപ്പെട്ടു.

## 15 ലിറ്റർ വാഷുമായി അറസ്റ്റിൽ

ശ്രീകണ്ഠപുരം: എക്സൈസ് റെയിഞ്ച് ഓഫീസിലെ പ്രിവന്റീവ് ഓഫീസർ പി.ആർ. സജീവന്റെ നേതൃത്വത്തിൽ ചന്ദനക്കാംപാറ - വഞ്ചിയം കോളനി ഭാഗങ്ങളിൽ നടത്തിയ പരിശോധനയിൽ 15 ലിറ്റർ വാഷുമായി യുവാവിനെ അറസ്റ്റ് ചെയ്തു. വഞ്ചിയത്തെ പള്ളത്ത്വീട്ടിൽ പി.എ. രാഘവനെ ആണ് (42) അറസ്റ്റ് ചെയ്തത്. സി.ഇ.ഒമാരായ പി.വി. പ്രകാശൻ, ടി.ഒ. വിനോദ്, ടി.വി. മധു, പി. ഷിബു, അബ്ദുൾലത്തീഫ് എന്നിവരും പരിശോധന സംഘത്തിലുണ്ടായിരുന്നു.

**അഞ്ചാം ചരമവാർഷികം**
(10-07-2018)



**പടിഞ്ഞാറെപുരയിൽ ഉത്തമൻ**
**ചുഴലി, ചാലിൽവയൽ**

*ഒരിക്കലും മരിക്കാത്ത ഓർമ്മകളോടെ......*
*ആത്മാവിന് നിത്യശാന്തിക്കായ് പ്രാർത്ഥിച്ചുകൊണ്ട്*
ഭാര്യ, മക്കൾ, മരുമക്കൾ,പേരമക്കൾ,
മറ്റ് ബന്ധുമിത്രാദികൾ





തളിപ്പറമ്പ് ഷാലിമാർ ടെക്സ് വിഷു & റംസാന്റെ ഭാഗമായി നടത്തിയ ലക്കി ഡ്രോ
ഒന്നാം സമ്മാനമായ ഹീറോ മസ്ട്രോ സ്കൂട്ടർ വിജയിയായ സുധാകരൻ പടപ്പേങ്ങാടിന്
ഷാലിമാർ ടെക്സ് എം.ഡി: നിസാർ.ഒ.എം നൽകുന്നു.
Advt